**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 267** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പഠനം ഡിജിറ്റലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അടുത്ത അധ്യയനവർഷം മുതൽ സ്കൂൾ പഠനം പൂർണ്ണമായും ഡിജിറ്റലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ വ്യത്യസ്ത തരം ഡിജിറ്റൽ വിഭവങ്ങൾ ഉൾപ്പെടുത്തി പഠനപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സമഗ്ര പ്ലസ് പോർട്ടലിലൂടെയാണ് നിലവിൽ ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കുന്നത്. സംസ്ഥാനത്തെ സ്കൂൾ പഠനം ഡിജിറ്റൽ ആക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പൊതുവിദ്യാഭ്യാസ രംഗത്ത് കേരളം ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം 2020 ഒക്ടോബറിൽ കൈവരിച്ചിരുന്നു. |
| (ബി) | സ്വയം പഠനത്തിനായി പ്രത്യേക പോർട്ടൽ രൂപീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കുട്ടികളുടെ സ്വയം പഠനത്തിനായി സമഗ്ര പ്ലസ് പോർട്ടലിൽ ലേർണിംഗ് റൂം എന്ന മൊഡ്യൂൾ നിലവിലുണ്ട്. ഈ സംവിധാനം വഴി കുട്ടികൾക്ക് പഠനാശയങ്ങൾ വീഡിയോ രൂപത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭാഷാ വിഷയങ്ങൾക്കായി podcast സംവിധാനവും മുൻവർഷങ്ങളിലെ ചോദ്യശേഖരവും അവയുടെ ഉത്തരങ്ങളിലേയ്ക്ക് നയിക്കുന്ന സൂചനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മൊഡ്യൂളുകളിലേക്ക് AI സംവിധാനങ്ങൾ കൂടി ചേർത്ത് വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ ഇംഗ്ലീഷിനായി യൂട്യൂബ് ചാനൽ ആവിഷ്കരിച്ച് നടപ്പാക്കുമോ; | (സി) | ഇംഗ്ലീഷ് ഭാഷാ പഠനത്തിന് ഉൾപ്പെടെ ഡിജിറ്റൽ പഠനവിഭവങ്ങൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനായി സമഗ്ര പ്ലസ് പോർട്ടൽ, കൈറ്റ്-വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ, victers.kite.kerala.gov.in വെബ് പോർട്ടൽ, |

| | | | |
|---|---|---|---|
| | | | youtube.com/itsvicters യുട്യൂബ് ചാനൽ തുടങ്ങിയവ കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിനായി കൈറ്റിന്റെ നേതൃത്വത്തിൽ ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ ഇംഗ്ലീഷ് കേട്ട് മനസിലാക്കാനും സംസാരിക്കാനും എഴുതാനും വായിക്കാനുമുള്ള അവസരങ്ങൾ ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയറും ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ഒരോ പാഠ്യപദ്ധതിയും രസകരമാക്കുന്നതിനും വിദ്യാർത്ഥികളിൽ താൽപര്യം ജനിപ്പിക്കുന്നതിനുമായി പാഠ്യപദ്ധതിയുടെ ഇ-ഉള്ളടക്കം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വിവിധ പഠനാശയങ്ങൾ കുട്ടികൾ രസകരമായ രീതിയിൽ കണ്ടും കേട്ടും പ്രയോഗിച്ചും പഠിക്കുന്നതിന് വീഡിയോകളും HTML ഇന്ററാക്ടീവുകളും സമഗ്ര പ്ലസ് പോർട്ടലിലെ പഠനമുറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ പി.ഡി.എഫ്. പേജുകൾ, പാഠഭാഗങ്ങൾ വിശദീകരിക്കുന്ന വീഡിയോകൾ, പ്രസന്റേഷനുകൾ, മൂല്യ നിർണയ പ്രവർത്തനങ്ങൾ എന്നിവ സമഗ്ര പ്ലസ് പോർട്ടലിലൂടെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ലഭ്യമാക്കും. |

സെക്ഷൻ ഓഫീസർ